milma
Malabar Regional Co-operative Milk Producers' Union Ltd.
Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala

**No:MRU:P&I:15:MLP:451** **29.09.2025**

## സർക്കുലർ 1061/2025

**വിഷയം:-** അധിക പാൽ വിലയും കാലിത്തീറ്റ സബ്സിഡിയും നൽകുന്നത് സംബന്ധിച്ച്.

**സൂചന :-** മലബാർ മേഖലാ യൂണിയൻ ഭരണസമിതിയുടെ 28.09.2025 തിയ്യതിയിലെ 11/(GEN)/5-ാം നമ്പർ തീരുമാനം.

മിൽമ മലബാർ മേഖലാ യൂണിയൻ, 2025 സെപ്റ്റംബർ മാസത്തിൽ മേഖലാ യൂണിയന് നൽകുന്ന പാലളവ് അടിസ്ഥാനമാക്കി **എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും നിശ്ചിത ഗുണനിലവാരമുള്ള പാലിന് ലിറ്ററിന് രണ്ട് രൂപ വീതം അധിക പാൽ വില നൽകുന്നതിന് മേഖലാ യൂണിയന്റെ 2025 സെപ്റ്റംബർ മാസം 28-ാം തീയ്യതി ചേർന്ന ഭരണസമിതി യോഗം തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.** കൂടാതെ മേഖലാ യൂണിയന്റെ പ്രവർത്തന പരിധിയിൽ വരുന്ന എല്ലാ ക്ഷീര സംഘങ്ങളിലൂടെയും ക്ഷീര കർഷകർക്കു കൈമാറുന്നതിനായി ഇൻവോയ്സ് ചെയ്യുന്ന **മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്ക് ഒന്നിന് നിലവിൽ ഫെഡറേഷൻ നൽകി വരുന്ന 100 രൂപ വീതമുള്ള സബ്സിഡി കൂടാതെ യൂണിയൻ 2025 ഒക്ടോബർ മാസത്തിലും ചാക്കൊന്നിന് 100 രൂപ സബ്സിഡി അനുവദിക്കുന്നതാണ്.**

### 1) ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിലെ കർഷകർക്ക് അധിക പാൽ വില

മിൽമ മലബാർ മേഖലാ യൂണിയൻ, 2025 സെപ്റ്റംബർ മാസം ക്ഷീര സംഘങ്ങളിൽ നിന്നും മേഖലാ യൂണിയന് നൽകിയ പാലളവ് അടിസ്ഥാനമാക്കി, ഗുണനിലവാര മാനദണ്ഡങ്ങൾക്ക് വിധേയമായി, എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങളിലേയും ക്ഷീര കർഷകർക്ക് 2025 ഒക്ടോബർ മാസത്തിൽ പാലിന് ലിറ്ററിന് രണ്ട് രൂപ വീതം അധിക പാൽ വില നൽകുന്നതാണ്. ഇത് പാലിന്റെ ഗുണനിലവാരം (SNF%) അനുസരിച്ച് താഴെ പറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

| |
|---|
| 8.3 % SNF ഉം അതിന് മുകളിലും, അല്ലെങ്കിൽ മൊത്തം ഖരപദാർത്ഥങ്ങളുടെ അളവ് 12% എങ്കിലും ഉള്ള പാലിന് ലിറ്ററിന് 2 രൂപ പ്രകാരം. |
| 8.3 % ത്തിൽ താഴെ SNF ഉള്ള പാലിന്/12% എങ്കിലും മൊത്തം ഖരപദാർത്ഥങ്ങൾ ഇല്ലാത്തതുമായ പാലിന് ലിറ്ററിന് 1 രൂപ 50 പൈസ പ്രകാരം. |

| **പാൽ അളവ് കണക്കാക്കുന്നതിനായി അടിസ്ഥാനമാക്കുന്ന കാലയളവ്** | **അധിക പാൽവില അനുവദിക്കുന്ന പാൽ വില കാലയളവ്.** |
|---|---|
| **2025 സെപ്റ്റംബർ 1 മുതൽ 10 വരെ** | **2025 ഒക്ടോബർ 1 മുതൽ 10 വരെയുള്ള പാൽവിലയോടൊപ്പം (Ist Bill)** |
| **2025 സെപ്റ്റംബർ 11 മുതൽ 20 വരെ** | **2025 ഒക്ടോബർ 11 മുതൽ 20 വരെയുള്ള പാൽവിലയോടൊപ്പം (IInd Bill)** |
| **2025 സെപ്റ്റംബർ 21 മുതൽ 30 വരെ** | **2025 ഒക്ടോബർ 21 മുതൽ 30 വരെയുള്ള പാൽവിലയോടൊപ്പം (IIIrd Bill)** |

ക്ഷീര സംഘങ്ങൾക്ക് പാൽ വിലയിലൂടെ മിൽമയിൽ നിന്നും മേൽ പ്രകാരം ലഭിക്കുന്ന തുക പൂർണ്ണമായും (സംഘം വിഹിതം ഉൾപ്പെടുത്തിയോ അല്ലാതെയോ) അതാതു മിൽക്ക് ബിൽ പേയ്മെന്റിന്റെ കൂടെ, സംഘത്തിൽ പാലൊഴിച്ച ക്ഷീര കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ്. ആയത് ക്യാഷ് ബുക്കിൽ 28.11.2025 നു മുമ്പായി രേഖപ്പെടുത്തി നിശ്ചിത മാതൃകയിൽ അതാത് പി&ഐ യൂണിറ്റ് ഉദ്യോഗസ്ഥർക്ക്, 10.12.2025 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ കൃത്യമായി തുക വിതരണം നടത്താത്ത ക്ഷീര സംഘങ്ങൾക്ക് നൽകിയ അധികവില നൽകിയത് തിരികെ പിടിക്കുന്നതായിരിക്കും.

**2) ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി**

മേഖലാ യൂണിയന്റെ പ്രവർത്തന പരിധിയിൽ വരുന്ന എല്ലാ ക്ഷീര സംഘങ്ങളിലൂടെയും ക്ഷീരകർഷകർക്കു കൈമാറുന്നതിനായി, ഇൻവോയ്സ് ചെയ്യുന്ന **മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്ക് ഒന്നിന് 100 രൂപ** വീതം 2025 സെപ്റ്റംബർ മാസം നൽകി വരുന്ന സബ്സിഡി, 2025 ഒക്ടോബർ മാസത്തിലും അനുവദിക്കുന്നതാണ്. കൂടാതെ ക്ഷീര സംഘങ്ങളിൽ നിന്നും ക്ഷീര കർഷകർ വാങ്ങുന്ന മലബാർ റൂറൽ ഡെവലപ്പ്മെന്റ് ഫൗണ്ടേഷന്റെ പെല്ലെറ്റ് രൂപത്തിലുള്ള **ടി.എം.ആർ കാലിത്തീറ്റ കിലോയ്ക്ക് ഒരു രൂപ വീതവും, ട്രൂ മീൽ ടി.എം.ആർ ഫീഡിന് കിലോയ്ക്ക് ഒരു രൂപ വീതവും** നൽകി വരുന്ന സബ്സിഡി, **2025 ഒക്ടോബർ മാസത്തിലും തുടരുന്നതാണ്.**

ഇത് കൂടാതെ കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോഗ്രാം ചാക്ക് ഒന്നിന് 100 രൂപ വീതം ഡിസ്ക്കൗണ്ട് 2025 സെപ്റ്റംബർ മാസത്തിൽ നൽകിയിരുന്നത് 2025 ഒക്ടോബർ മാസത്തിലും തുടരുന്നതാണ്. ഇതുൾപ്പെടെ **2025 ഒക്ടോബർ മാസത്തിൽ മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോഗ്രാം ചാക്ക് ഒന്നിന് 200 രൂപയാണ് ആകെ സബ്സിഡിയായി ലഭിക്കുക എന്ന വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു. 2019 ആഗസ്റ്റ് മാസത്തിൽ മിൽമ ക്ഷീര സംഘങ്ങൾക്ക് വിതരണം ചെയ്ത കാലിത്തീറ്റ വിലയായ 1235 രൂപയിൽ നിന്നും 20 രൂപ കുറഞ്ഞ് 1215 രൂപയ്ക്കാണ് ക്ഷീര സംഘങ്ങൾക്ക് ലഭിക്കുക.**

29/9/25

**മാനേജിംഗ് ഡയറക്ടർ**

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. ★ No. D 89 (D) H.O. Calicut

യൂണിയന് പാൽ നൽകുന്ന എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും

**പകർപ്പ് : - മേൽ നടപടികൾക്കായി**

(1) ജനറൽ മാനേജർ
(2) സീനിയർ മാനേജർ,കോഴിക്കോട്/പാലക്കാട്/വയനാട് ഡെയറി.
(3) എല്ലാ ഡെയറി മാനേജർമാർക്കും
(4) മാനേജർ (പി ആന്റ് ഐ),
(5) മാനേജർ (എം.ഐ.എസ് & എസ്)
(6) മാനേജർ (ഫിനാൻസ്)
(7) ജില്ലാ പി&ഐ യൂണിറ്റ് മേധാവികൾ
(8) പി&ഐ സബ് യൂണിറ്റ് മേധാവികൾ
(9) മാനേജർ, കാലിത്തീറ്റ ഫാക്ടറി, മലമ്പുഴ & പട്ടണക്കാട്

**പകർപ്പ് : - അറിവിലേയ്ക്കായി**

(1) ഡിപ്പാർട്ട്മെന്റ് ഹെഡ്സ് - എച്ച്.ഒ.
(2)മാനേജർ,എം.പി.എഫ്
(3) ആൻസിലിയറി യൂണിറ്റ് ഇൻചാർജ്ജ്, സി.പി.ഡി
(4) പ്രിൻസിപ്പൽ എച്ച്.ആർ.ഡി.സി
(5) പി.എസ്സ്. റ്റു എം.ഡി/ചെയർമാൻ/ജി.എം.
(6)അസിസ്റ്റന്റ്ഡയറക്ടർ (ഓഡിറ്റ്)
(7)www.mrcmpu.com/E-Stock Files

**2025 സെപ്റ്റംബർ 1 മുതൽ 30 വരെ അധിക പാൽ വില നൽകിയതിന്റെ വിശദവിവരം**

ജില്ല/യൂണിറ്റ് : കോഡ് നമ്പർ:

1. സംഘത്തിന്റെ പേര് : .......................................ക്ഷീരോൽപ്പാദക സഹകരണ സംഘം
2. 2025 സെപ്റ്റംബർ 1 മുതൽ 30 വരെ ആകെ സംഭരണം : --------- ലിറ്റർ
3. 2025 സെപ്റ്റംബർ 1 മുതൽ 30 വരെ പ്രാദേശിക വിൽപ്പന : --------- ലിറ്റർ
4. 2025 സെപ്റ്റംബർ 1 മുതൽ 30 വരെ ഡെയറി വിൽപ്പന : --------- ലിറ്റർ
5. 2025 സെപ്റ്റംബർ 1 മുതൽ 30 വരെ മിൽമയിൽ നൽകിയ പാലിന്റെ ശരാശരി SNF % : ---------
6. സംഘത്തിന് അർഹമായ അധിക പാൽ വില : ---------- രൂപ (.......... രൂപ പ്രകാരം)
7. 2025 സെപ്റ്റംബർ 1 മുതൽ 30 വരെ സംഭരിച്ച പാലിന് കർഷകർക്ക് വിതരണം ചെയ്ത അധിക പാൽ വില : ---------- രൂപ

2025 സെപ്റ്റംബർ 1 മുതൽ 30 വരെ സംഘം സംഭരിച്ച .................................... ലിറ്റർ പാലിന് അധികവിലയായി ................................രൂപ (................................................................................ രൂപ) ........................ തിയ്യതി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആയത് ...................... തിയ്യതി ...................... നമ്പർ കാഷ് ബുക്ക് പേജിൽ ചെലവ് എഴുതിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം/ തിയ്യതി

(സീൽ)

പ്രസിഡന്റ് സെക്രട്ടറി (ഒപ്പ്)

.................................................................. ക്ഷീരോൽപ്പാദക സഹകരണ സംഘം 2025 സെപ്റ്റംബർ 1 മുതൽ 30 വരെ സംഭരിച്ച പാലിന് കർഷകർക്ക് നൽകിയ അധിക വിലയുടെ കണക്ക് ...................... തിയ്യതി പരിശോധിച്ചു. ആയതിനാൽ ..................... രൂപ ക്ഷീര കർഷകർക്ക് അധിക പാൽ വിലയായി നൽകിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

HQ ഇൻചാർജ്ജ്
പേര്, ഒപ്പ്
തിയ്യതി

DOH/UH
പേര്, ഒപ്പ്
തിയ്യതി